മുദ്രകൾ

# കുവൈത്ത് തെരഞ്ഞെടുപ്പിൽനിന്ന് ഇസ്‌ലാമിസ്റ്റുകൾ പഠിക്കേണ്ടത്

**കഴിഞ്ഞ** മെയ് 16ന് നടന്ന കുവൈത്ത് പാർലമെന്റ് തെരഞ്ഞെടുപ്പ് രണ്ട് കാരണങ്ങളാൽ ലോക ശ്രദ്ധയാകർഷിച്ചു. ഒന്ന്, ചരിത്രത്തിലാദ്യമായി കുവൈത്ത് പാർലമെന്റിൽ വനിതാ പ്രാതിനിധ്യം. രണ്ട്, ഇസ്‌ലാമിസ്റ്റുകൾക്കേറ്റ കനത്ത തിരിച്ചടി. വളരെ പരിമിതമായ അധികാരങ്ങളോടുകൂടിയാണെങ്കിലും 1962ൽ തന്നെ കുവൈത്തിൽ പാർലമെന്റ് നിലവിലുണ്ട്. വനിതകൾക്ക് വോട്ടവകാശവും മത്സരിക്കാനുള്ള അനുവാദവും ലഭിച്ചത് 2005ൽ മാത്രം. കഴിഞ്ഞ തവണയും സ്ത്രീകൾ മത്സരരംഗത്തുണ്ടായിരുന്നെങ്കിലും ആരും വിജയിച്ചില്ല. ഇത്തവണ നാല് സ്ത്രീകളാണ് പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്; അതും നല്ല ഭൂരിപക്ഷത്തിൽ.

അമ്പതംഗ പാർലമെന്റിൽ കഴിഞ്ഞ തവണ ഇസ്‌ലാമിസ്റ്റുകൾക്ക് 21 സീറ്റുകളുണ്ടായിരുന്നു. അത് ഏതാണ്ട് പകുതിയായി കുറഞ്ഞു; 11 സീറ്റ് മാത്രം. സലഫികൾക്ക് നാല് സീറ്റുണ്ടായിരുന്നത് രണ്ട് ആയും, ഇഖ്‌വാൻ അനുകൂല സംഘടനയായ 'ഹദസി'ന് മൂന്നുണ്ടായിരുന്നത് ഒന്നായും കുറഞ്ഞു. ബാക്കിയുള്ളവർ സ്വതന്ത്രരോ ഗോത്രവർഗക്കാരോ ആയ ഇസ്‌ലാമിസ്റ്റുകളാണ്. കഴിഞ്ഞ തവണ ഏറ്റവും കൂടുതൽ വോട്ട് നേടി ജയിച്ചത് ഇസ്‌ലാമിസ്റ്റുകളായിരുന്നെങ്കിൽ ഇന്നവർ വിജയികളുടെ പട്ടികയിൽ ഏറ്റവും പിറകെയാണ്.

ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയത് ശീഈ വിഭാഗക്കാരാണ്. നിലവിലുണ്ടായിരുന്ന അഞ്ച് സീറ്റ് അവർ എട്ടാക്കി ഉയർത്തി. കുവൈത്ത് ജനസംഖ്യയിൽ മൂന്നിലൊന്ന് ശീഈ വംശജരാണ്. ലിബറലുകൾ എട്ട് സീറ്റ് നേടി നില മെച്ചപ്പെടുത്തി. ജനസംഖ്യയുടെ പകുതിയോളം വരുന്ന ഗോത്രവർഗങ്ങൾക്ക് 25 സീറ്റ് ലഭിച്ചിട്ടുണ്ട്. ഇവരിൽ ചിലർ ഇസ്‌ലാമിസ്റ്റുകളോട് അടുപ്പമുള്ളവരാണ്.

കുവൈത്തിലെ ഇസ്‌ലാമിസ്റ്റുകളുടെ പിന്നോട്ടടി ഗൗരവത്തിൽ പഠിക്കേണ്ടതാണെന്ന് ഈജിപ്തിലെ ഇഖ്‌വാൻ നേതാവ് ഇസാമുൽ ഉർയാൻ അഭിപ്രായപ്പെടുന്നു. ഇതൊരു താൽക്കാലിക തിരിച്ചടിയായി കാണാൻ കഴിയില്ല. നേരത്തെ 'ഹദസി'ന് ആറ് സീറ്റുണ്ടായിരുന്നു. പിന്നീടത് മൂന്നായി; ഇപ്പോൾ ഒന്നും. സലഫികളും ഇസ്‌ലാമിസ്റ്റുകളും മുന്നണിയായാണ് മത്സരിച്ചതെങ്കിലും അവർക്കിടയിൽ വേണ്ടത്ര ഐക്യമോ ധാരണയോ ഉണ്ടായിരുന്നില്ല. 'ഹദസ്' തന്നെയും ജനങ്ങൾക്ക് സ്വീകാര്യമായ ഒരു അജണ്ടയുമായല്ല തെരഞ്ഞെടുപ്പിനെ നേരിട്ടത്. ലിബറലുകൾ അവരുടെ നിയന്ത്രണത്തിലുള്ള മീഡിയയിലൂടെ അവസരം ശരിക്കും മുതലെടുത്തു. ഇതൊക്കെയാണ് പൊതുവെ പറയപ്പെടുന്ന പരാജയകാരണങ്ങൾ.

ഉർയാൻ അഭിപ്രായപ്പെട്ടതുപോലെ, കാലം മാറുന്നതും കാലിന്നടിയിലെ മണ്ണ് ഇളകിപ്പോകുന്നതും ഇസ്‌ലാമിസ്റ്റുകൾ അറിയുന്നില്ല എന്നതാണ് യഥാർഥ പ്രശ്നം. സ്ത്രീകൾ മത്സരിക്കുന്നതിനെതിരെ സംഘടനക്കകത്ത് ഇപ്പോഴും കടുത്ത എതിർപ്പ് നിലനിൽക്കുന്നു. അക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്താനും 'ഹദസി'ന് കഴിഞ്ഞിട്ടില്ല. വോട്ടർമാരിൽ 54.3 ശതമാനം സ്ത്രീകളായിരിക്കെ, ഈ യാഥാസ്ഥിതിക നിലപാടുമായി എത്രകാലം മുന്നോട്ടുപോകാനാവും? മറ്റു ഗൾഫ് നാടുകളിൽനിന്ന് ഭിന്നമായി കുവൈത്തിലെ തൊഴിൽമേഖലയിൽ 44 ശതമാനം കൈയടക്കിവെച്ചിരിക്കുന്നതും സ്ത്രീകളാണ്. സ്ത്രീ വിഷയങ്ങളിൽ പുനർവിചിന്തനങ്ങൾ നടത്താതെ മുന്നോട്ടു പോകാനാവില്ല എന്നതാണ് കുവൈത്തിൽനിന്ന് ഇസ്‌ലാമിസ്റ്റുകൾ പഠിക്കേണ്ട ഒന്നാമത്തെ പാഠം.■



■ യൂസുഫുൽ ഖറദാവി

## ഖറദാവിക്ക് വിലക്ക്

**ഒ.ഐ.സിയുടെ** കീഴിലുള്ള ഫിഖ്ഹ് അക്കാദമിയുടെ 19-ാമത് അന്താരാഷ്ട്ര സമ്മേളനം യു.എ.ഇയിലെ ഷാർജയിൽ ചേർന്നപ്പോൾ 60 രാജ്യങ്ങളിൽനിന്നായി 200 പണ്ഡിതന്മാർ അതിൽ സംബന്ധിക്കാൻ എത്തിയിരുന്നു. പക്ഷേ അതിൽ ഒരാളുടെ അഭാവം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു; അന്താരാഷ്ട്ര ഇസ്‌ലാമിക പണ്ഡിതവേദിയുടെ അധ്യക്ഷനായ ഡോ. യൂസുഫുൽ ഖറദാവിയുടെ. 2006ൽ ദുബൈയിൽ ചേർന്ന ഫിഖ്ഹ് അക്കാദമിയുടെ സമ്മേളനത്തിലും അദ്ദേഹം സംബന്ധിച്ചിരുന്നില്ല. യു.എ.ഇയിലേക്ക് കടക്കാൻ ഖറദാവിക്ക് വിലക്കുണ്ട് എന്നതാണ് കാരണം. എട്ടു വർഷമായി ഈ വിലക്ക് തുടരുകയാണ്. യു.എ.ഇയിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥനുമായി ഖറദാവി ഫോണിൽ സംസാരിച്ച് സമ്മേളനത്തിൽ പങ്കെടുക്കാൻ അവസാനശ്രമം നടത്തിനോക്കിയെങ്കിലും വിജയിച്ചില്ല.

വിലക്കിന് കാരണമെന്താണെന്ന് യു.എ.ഇ അധികൃതർ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. അബൂദബിയിലെ രാജകുടുംബത്തിന് ഖറദാവിയോടുള്ള അതൃപ്തിയാണ് ഇതിനു കാരണമെന്ന് പറഞ്ഞു കേൾക്കുന്നു. യു.എ.ഇ പ്രസിഡന്റായിരുന്ന ശൈഖ് സായിദ് ബ്നു സുൽത്താൻ ആൽ നഹ്‌യാനെക്കുറിച്ച്, 'എഴുത്തും വായനയും അറിയാത്ത നിരക്ഷരനായിരുന്നിട്ടു കൂടി ഒരു ഏകീകൃത ആധുനിക രാഷ്ട്രം അദ്ദേഹം കെട്ടിപ്പടുത്തു' എന്ന് ഒരു അഭിമുഖത്തിൽ ഖറദാവി പറഞ്ഞത് ശൈഖ് സായിദിനെ അനാദരിക്കുന്ന വിധത്തിലായിപ്പോയി എന്നാണ് രാജകുടുംബത്തിന്റെ പരിഭവം. ■